KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.50/PR/PIC/PHQ/18 Date :03.03.2018

## സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 12 പേർ അറസ്റ്റിൽ

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡികൾ കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 12 പേർ അറസ്റ്റിലായി. തിരുവനന്തപുരം ജില്ലയിൽ ആനാട് വില്ലേജിൽ ചുള്ളിമാനൂർ സെൽഫിക്സ് ഷോപ്പുടമ ഷഫീക്ക്, കോട്ടകാൽ വില്ലേജിൽ നെല്ലിമൂട് അനന്തു വീഡിയോസ് ഷോപ്പുടമ മുരുകൻ, കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിൽ മ്യൂസിക് സിറ്റി ഷോപ്പുടമ സന്തുരാജ്, കൊല്ലം നഴ്സിംഗ് കോളേജിന് മുൻവശം ജില്ലാ ആശുപത്രിക്ക് സമീപം സൈക്കിളിൽ കച്ചവടം നടത്തിയ സുനിൽ, പാരിപ്പള്ളി മടത്തറ റോഡ് ക്രിസ്മസ് ഇലക്ട്രോണിക്സ് ആന്റ് മൊബൈൽ ഷോപ്പുടമ ഷിഫാസ്, ആലപ്പുഴ ജില്ലയിൽ മാന്നാർ സ്റ്റോർ ജംഗ്ഷനിൽ മൊബൈൽ പ്ലാനറ്റ് ഷോപ്പുടമ ഹരികുമാർ, കൃഷ്ണപുരം കുറ്റിത്തെരുവ് എന്ന സ്ഥലത്ത് ഐസ്മാർട്ട് ഷോപ്പുടമ അൻഷാദ്, ചെന്നിത്തല പുത്തളപ്പടി പ്രീതി മൊബൈൽസ് ഷോപ്പുടമ പ്രവീൺ, മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി ചെമ്മാട് ബസ് സ്റ്റാന്റിനടുത്ത് യൂറോ മൊബൈൽസ് ഷോപ്പുടമ സിദ്ദിഖ്, തിരൂർ ബസ് സ്റ്റാന്റിന് സമീപം മൊബൈൽ ഷോ ഷോപ്പുടമ ഹക്കീം, പാലക്കാട് ജില്ലയിൽ പേങ്ങാട്ടേരി വില്ലേജിൽ നല്ലായ സിറ്റിയിൽ സ്കൈ മൊബൈൽ ഷോപ്പുടമ ഹാരിസ്, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ ഒറ്റപ്പാലം മെഗാമാളിന് മുൻവശം കുഞ്ഞാറ്റ മൊബൈൽ ഷോപ്പുടമ രഘു എന്നിവരാണ് അറസ്റ്റിലായത്. ഇവയിൽ മിക്ക മൊബൈൽ കടകളും പ്രധാന സ്കൂളുകളുടെ പരിസരത്ത് സ്ഥിതി ചെയ്യുന്നവയാണ്.

ഇവരിൽ നിന്നും പകർപ്പവകാശമില്ലാത്ത പുതിയ മലയാള സിനിമകളുടെ ശേഖരവും ഇവ കോപ്പി ചെയ്യാൻ ഉപയോഗിച്ച കംപ്യൂട്ടർ, ഹാർഡ് ഡിസ്ക്, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങളും പോലീസ് കണ്ടെടുത്തു.

ക്രൈംബ്രാഞ്ച് ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.കെ പ്രശാന്തനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡിവൈ.എസ്.പി. രാഗേഷ് കുമാർ.വി, ഡിക്റ്റടീവ് ഇൻസ്പെക്ടർ പി എസ് രാകേഷ്, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ രൂപേഷ് കുമാർ.ജെ.ആർ, സുരേന്ദ്രൻ ആചാരി, അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർമാരായ സുനിൽകുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർ സ്റ്റാൻലി, സിവിൽ പോലീസ് ഓഫീസർമാരായ സജി.സി.എൽ, സന്ദീപ്, സ്റ്റെർലിൻ രാജ്, ബെന്നി, അജയൻ, അദിൻഅശോക്, സുബീഷ്, ആദർശ് എന്നിവരെക്കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു. ബുക്ക് പൈറസി, മ്യൂസിക് പൈറസി തുടങ്ങിയവ ചെയ്യുന്ന ലോബികളെ കണ്ടെത്തുന്നതിനുള്ള റെയ്ഡുകൾ തുടരുമെന്നും എസ്.പി. പറഞ്ഞു.

*********